9-ാം വർഷം
2026
ഫെബ്രുവരി 8
ദനഹാ ആറാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



എൻട്രൻസിന്റെ ആൻസർ കീ

പുറ 20:1-17, കൊളോ 3:5-14, മത്താ 5:17-26

എൻട്രൻസ് എക്സാം

വിവിധ എൻട്രൻസ് എക്സാമുകളുടെ കാലത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. KEAM, NEET, CUET,, NEST, ICAR AIEEA, AIAPGET, എന്നിങ്ങനെ വിവിധ എൻട്രൻസ് എക്സാമുകളുടെ ചൂടിലാണ് നമ്മുടെ വിദ്യാർത്ഥികൾ. ഒരുപാട് നാളത്തെ കഠിനാധ്വാനവും പരിശ്രമവും പരിശീലനവും ഉണ്ടെങ്കിൽ മാത്രമാണ് വിജയം വരിക്കാനും അഡ്മിഷൻ കരസ്ഥമാക്കാനും സാധിക്കുകയുള്ളൂ. ഈ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് മാതാപിതാക്കളും മക്കളും എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി കഠിനാധ്വാനം ചെയ്യുന്നു. ഈ എൻട്രൻസുകളുടെ പ്രിപ്പറേഷനായി ഒന്നോ രണ്ടോ വർഷങ്ങൾ മാറ്റിവയ്ക്കാൻ പോലും തയ്യാറാകുന്നു. പരിശീലനത്തിനായി മികച്ച സ്ഥാപനങ്ങൾ തേടിപ്പോകുന്നു. ഇതിനായി എത്ര പണം ചെലവഴിക്കാനും നമുക്ക് മടിയില്ല. ഏതു വിധേനയും എൻട്രൻസ് പാസ്സാവുക എന്നത് മാത്രമാണ് നമ്മുടെ ലക്ഷ്യം. ഇന്നത്തെ സുവിശേഷ ഭാഗത്തും അത്തരം ഒരു എൻട്രൻസിനെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം. നശ്വരമായ ഈ ഭൂമിയിലെ ഒരു ചെറിയ കാലയളവിന് വേണ്ടി മാത്രം എൻട്രൻസ് എക്സാമുകൾക്കായി നമ്മൾ എത്രമാത്രം ഒരുങ്ങുന്നു! എങ്കിൽ അനശ്വരമായ നമ്മുടെ ജീവിതം കെട്ടിപ്പടുക്കാൻ നാം എത്രമാത്രം ഒരുങ്ങേണ്ടതുണ്ട്? ദൗർഭാഗ്യം എന്ന് പറയട്ടെ, നമ്മളെല്ലാം വളരെ ലാഘവത്തോടെ കാണുന്നതാണ് ഈ എൻട്രൻസ് എക്സാം. സ്വർഗ്ഗരാജ്യ പ്രവേശനത്തിന്



സുജമോൾ ജോസ്

വേണ്ടി ഒരുങ്ങുക എന്നത് ഒരിക്കലും നമ്മുടെ പ്രയോറിറ്റി ആവുന്നില്ല എന്നതാണ് ദുഃഖകരമായ സത്യം. അതിനു വേണ്ട ആത്മീയ പരിശീലനങ്ങളോ ഒരുക്കങ്ങളോ നമ്മൾ നടത്തുന്നുണ്ടോ എന്ന് ചിന്തിക്കാം. മക്കളെ ഡോക്ടറും എൻജിനീയറും കലക്ടറും ഒക്കെ ആക്കാൻ കഷ്ടപ്പെടുന്നതിന്റെ നാലിലൊന്ന് സ്വർഗ്ഗരാജ്യ പ്രവേശനത്തിനായി നാം നടത്തുന്നുണ്ടോ? ഇന്നത്തെ സുവിശേഷ ഭാഗത്ത്, മത്തായി 5:20 ൽ സ്വർഗ്ഗത്തിലേക്കുള്ള എൻട്രൻസ് പാസാകാനുള്ള മാനദണ്ഡം കർത്താവ് വ്യക്തമായി പറയുന്നുണ്ട്.

'നിങ്ങളുടെ നീതി ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല' എന്ന് അവിടുന്ന് വ്യക്തമാക്കുന്നു.

നീതിക്ക് സ്വർഗ്ഗം എത്രമാത്രം പ്രാധാന്യം കൊടുക്കുന്നു എന്ന് ഈ വചനം വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ഭൂമി ഇതിന് എത്രമാത്രം പ്രാധാന്യം കൊടുക്കുന്നുണ്ടെന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും.

ഒരു വസ്തു മറ്റൊരാളെ അതിശയിപ്പിക്കണമെങ്കിൽ അതിനു തീർച്ചയായും മറ്റുള്ളവയിൽ നിന്നും കൂടുതൽ മൂല്യം ഉണ്ടാകണം. മറ്റുള്ളവർക്ക് അത് എളുപ്പത്തിൽ സ്വന്തമാക്കാൻ ആവാത്തത് ആകണം. ചുരുക്കത്തിൽ അമൂല്യമായ, അതുല്യമായ, ഒന്നിനു മാത്രമേ മറ്റുള്ളവരെ അതിശയിപ്പിക്കാനാവു. അതുകൊണ്ടുതന്നെയാണ് വിശുദ്ധ ഗ്രന്ഥത്തിൽ

'നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നതിൽ എന്തു മേൻമയാണുള്ളത്? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുണ്ടല്ലോ (ലൂക്കാ 6 : 32) എന്നു പറയുന്നത്. തുടർന്ന് വരുന്ന വചന ഭാഗത്ത് ശത്രുക്കളെ സ്നേഹിക്കാനും തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കാതെ വായ്പ കൊടുക്കാനുമെല്ലാം ഈശോ പറയുന്നുണ്ട്. ഒഴുക്കിനൊത്ത് നീങ്ങുന്നവർ ആകാതെ ഒഴുക്കിനെതിരെ നീങ്ങാൻ ആണ് അവിടുന്ന് നമ്മെ വിളിച്ചിരിക്കുന്നത്. പത്തു രൂപ കടം കൊടുത്ത് 10 നാൾ കഴിയുമ്പോൾ തിരികെ വാങ്ങുന്നത് സാധാരണ നന്മ. എന്നാൽ അത് തിരികെ കിട്ടുമെന്ന് യാതൊരു ഉറപ്പുമില്ലാതെ, തിരികെ കിട്ടുമെന്ന് പ്രതീക്ഷിക്കാതെ സന്തോഷത്തോടെ നൽകുന്നതാണ് അസാധാരണ നന്മ. അസാധാരണമായ നന്മയ്ക്ക് മാത്രമേ അപരനെ അതിശയിപ്പിക്കാനാകൂ. അങ്ങനെ മറ്റുള്ളവരെ അതിശയിപ്പിക്കുന്ന നീതി നാം സ്വന്തമാക്കുമ്പോൾ സ്വർഗ്ഗത്തിന്റെ വാതിലുകൾ നമുക്കായി തുറക്കപ്പെടും.

അതിശയിപ്പിക്കുന്നവരാകാം

മൂന്നുതവണ ക്യാൻസറിനെ അതിജീവിച്ച ഒരു വിധവയായ ചേച്ചിയെ പരിചയമുണ്ട്. വീട്ടുജോലികൾ ചെയ്താണ് അവർ കുടുംബം പുലർത്തുന്നത്. അവരുടെ ഏക മകൻ നാലാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഹൃദയാഘാതം മൂലം ഭർത്താവ് മരണമടയുന്നത്. അതിനുശേഷമാണ് അവർക്ക് ക്യാൻസർ രോഗം ബാധിക്കുന്നത്. അവർ കിടപ്പിൽ ആയതോടെ മറ്റു വരുമാനമാർഗങ്ങൾ ഒന്നുമില്ല. പറക്കമുറ്റാത്ത മകന്റെയും അവരുടെയും ജീവിതം അനിശ്ചിതത്വത്തിലായി.

ആ സമയത്താണ് ഒരു പള്ളിയിൽ നിന്നും പ്രദേശവാസികളായ ക്യാൻസർ രോഗികൾക്ക് ജാതിമതഭേദമെന്യേ സഹായം ലഭിക്കുന്നു എന്ന് അവർ അറിഞ്ഞത്. അങ്ങനെ അവർക്കും ആ സഹായം ലഭിച്ചു. ഏറനാളത്തെ ചികിത്സകൾക്കൊടുവിൽ അവർ പതിയെ ജീവിതത്തിലേക്ക് മടങ്ങിവന്നു. അത്യാവശ്യം എഴുന്നേറ്റു നിൽക്കാനും വീട്ടുജോലികൾ ചെയ്യാനുമായപ്പോൾ അവർ ആ പള്ളിയിൽ പോയി വികാരിയച്ചനെ കണ്ട് തനിക്ക് ഇനി ഈ സാമ്പത്തിക സഹായം വേണ്ട എന്ന് അറിയിക്കുകയാണ്. വർഷങ്ങളായി ഈ സഹായം പറ്റുന്നവരിൽ ആരും തന്നെ സഹായം വേണ്ടെന്ന് അതുവരെ പറഞ്ഞിട്ടില്ലായിരുന്നു. ഹൈന്ദവ മതവിശ്വാസിയായ ഈ സഹോദരിയുടെ തീരുമാനം വികാരിയച്ചനെ അതിശയിപ്പിച്ചു. സുഖം പ്രാപിച്ചിട്ടും ജോലിക്കൊന്നും പോകാതെ ഇന്നും പള്ളിയിൽ നിന്നുള്ള സഹായം പറ്റി ജീവിക്കുന്നവരുടെ ഇടയിൽ ആ ചേച്ചി വ്യത്യസ്തയാവുകയായിരുന്നു. ചേച്ചി പറഞ്ഞു 'അച്ചാ, എനിക്ക് അത്യാവശ്യം ജോലി ചെയ്യാനുള്ള ആരോഗ്യം തിരികെ ലഭിച്ചു. ഇനി ഞാൻ ജോലി ചെയ്ത് ജീവിച്ചു കൊള്ളാം. ഇനിയും ഈ സഹായം ഞാൻ കൈപ്പറ്റിയാൽ അർഹതയുള്ള ഒരാൾക്ക് അത് നഷ്ടമാകും. ഞാൻ കിടപ്പിലായ സമയത്ത് ഈ സഹായം എനിക്കും എന്റെ മകനും എത്രമാത്രം ഉപകാരപ്രദമായിരുന്നു എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അതെ അവസ്ഥയിലുള്ള ഒരാൾക്ക് ലഭിക്കാവുന്ന സഹായം ഞാൻ കൈപ്പറ്റിയാൽ അത് അനീതിയാകും. അതുകൊണ്ട് ഇന്നുമുതൽ എനിക്കിത് വേണ്ട'. അന്നുമുതൽ ആ ചേച്ചി അധ്വാനിച്ച് ജീവിക്കുന്നു. അവരുടെ മകൻ ഇന്ന് എംബിബിഎസ് വിദ്യാർത്ഥിയാണ്. മൂന്നാം വട്ടവും ക്യാൻസറിനെ തോൽപ്പിച്ച് അവർ അധ്വാനിച്ച് ജീവിക്കുന്നു. ഇതല്ലേ ഫരിസേരെയും നിയമജ്ഞരെയും അതിശയിപ്പിക്കുന്ന ആ നീതി!

സ്വർഗ്ഗം നീതിക്ക് ഏറെ പ്രാധാന്യം നൽകുന്നു. ദൈവം തന്റെ ഏകജാതന് വളർത്തുപിതാവായി കണ്ടെത്തിയ ജോസഫിനെ സുവിശേഷം വിശേഷിപ്പിക്കുന്നത് നീതിമാൻ എന്നാണ്. തന്റെ ഭാവി വധു ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ ജോസഫ് അവളെ അപമാനിതയാക്കാൻ ആഗ്രഹിച്ചില്ല എന്ന് സുവിശേഷത്തിൽ നാം കാണുന്നുണ്ട്. മറ്റുള്ളവരുടെ ആത്മാഭിമാനത്തെ പൊതിഞ്ഞു പിടിക്കാൻ കാണിക്കുന്ന വ്യഗ്രത നീതിബോധമാണ്. ദൈവത്തിന്റെ നീതി ലോകത്തിന്റെ നീതിയിൽ നിന്നും വിഭിന്നമാണ്. അവസാന മണിക്കൂറിൽ വന്നവനും ഒരേ താലന്ത് നൽകുന്ന നീതിബോധം, കല്ലെറിഞ്ഞു കൊല്ലുവാൻ ലോകം വിധിച്ചു മുന്നിലെത്തിച്ചവളുടെ മാനത്തെ 'നിങ്ങളിൽ പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ' എന്ന ഒറ്റവാക്ക് കൊണ്ട് പൊതിഞ്ഞു പിടിച്ച നീതിബോധം. ഒരായുസ്സ് മുഴുവൻ മോഷണവും പിടിച്ചുപറിയുമായി ജീവിച്ചവൻ നിന്റെ രാജ്യത്തിൽ ആയിരിക്കുമ്പോൾ എന്നെയും ഓർക്കണമേ എന്ന് യാചിച്ചപ്പോൾ പറുദീസ പകരം നൽകിയ നീതിബോധം, കേവലം ഒരു പരിചാരികയ്ക്ക് മുന്നിൽ പോലും

തള്ളിപ്പറഞ്ഞവന് തന്റെ സാമ്രാജ്യത്തിന്റെ താക്കോൽ കൊടുത്ത നീതി, തന്റെ ശരീരം ഉഴവ് ചാലുപോലെ കീറിമുറിച്ച് വർക്ക് വേണ്ടി "പിതാവേ ഇവർ ചെയ്യുന്നത് എന്തെന്നിവർ

അറിയുന്നില്ല, ഇവരോട് പൊറുക്കണം" എന്ന് വാദിച്ച നീതി... ഇതുകൊണ്ടാണ് 'എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ...' എന്ന് നമുക്ക് പാടാൻ കഴിയുന്നത്. അവന്റെ ഈ നീതിയുടെ പാത പിന്തുടരുമ്പോഴാണ് നമ്മുടെ നീതി മറ്റുള്ളവരെ അതിശയിക്കുന്നത് ആവുന്നത്.

കർത്താവ് മനുഷ്യനോട് ആവശ്യപ്പെടുന്നതും നീതിബോധമുള്ളവർ ആയിരിക്കുക എന്ന് മാത്രമാണ്. നീതിബോധമുള്ള ഒരുവന് ഈശോയെപ്പോലെ സ്നേഹിക്കാനും ക്ഷമിക്കാനും സഹിക്കാനും സാധിക്കും.

'മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്?' (മിക്ക 6:8).

നീതിയുടെ പാതയിൽ ചരിക്കുന്നവരായി നമുക്ക് മാറാം.



വെല്ലുവിളിയായി മാറുന്ന നീതി

നിയമത്തെ അസാധു ആക്കാൻ അല്ല പൂർത്തീകരിക്കാൻ ആണ് താൻ വന്നതെന്ന് യേശു പറയുന്നു. ഇന്നത്തെ ഒന്നാം വായനയിൽ 10 കൽപ്പനകളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. അതിൽ നിന്ന് ഒന്നു കൂട്ടാനോ കുറയ്ക്കാനോ ഈശോ ആഗ്രഹിച്ചില്ല. കൊല്ലരുത് എന്ന ഒറ്റവാക്കിൽ ഉള്ള കൽപ്പനയെ അവിടുന്ന് പൂർത്തീകരിച്ചത്, സഹോദരനോട് കോപിക്കുന്നത് പോലും ന്യായവിധിക്ക് അർഹമായ കുറ്റമാണ് എന്നു പറഞ്ഞുകൊണ്ടാണ്. 'സമ്പൂർണജ്ഞാനം കൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ.' (കൊളോസോസ് 3 : 10) എന്ന് ഇന്നത്തെ ലേഖനഭാഗത്ത് നാം വായിക്കുന്നുണ്ട്. എല്ലാ വായനകളും ഈശോയെ പോലെ സ്നേഹിക്കാനും ക്ഷമിക്കാനും ജീവിക്കാനും നീതി പ്രവർത്തിക്കാനും ആഹ്വാനം ചെയ്യുന്നവയാണ്. യഥാർത്ഥത്തിൽ നമ്മുടെ മുൻപിൽ വലിയ വെല്ലുവിളിയാണ് ഈശോ ഉയർത്തുന്നത്. അവനെപ്പോലെ ജീവിക്കുക, സ്നേഹിക്കുക, സഹിക്കുക, ക്ഷമിക്കുക, നീതി പ്രവർത്തിക്കുക... ഇതെല്ലാം വെല്ലുവിളികൾ തന്നെയാണ്. ഈ വെല്ലുവിളി ഏറ്റെടുക്കുമ്പോൾ മാത്രമാണ് ക്രിസ്തീയ ജീവിതം അർത്ഥപൂർണ്ണം ആവുക. പൗലോസ് ശ്ലീഹ പറഞ്ഞതുപോലെ ഇനിമേൽ ഞാനല്ല എന്നിൽ ക്രിസ്തുവാണ് ജീവിക്കുന്നത് എന്ന് പറയാൻ തക്കവിധത്തിൽ നാം മാറണം. സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ ഈ തീർത്ഥാടനം അർത്ഥപൂർണമാകണമെങ്കിൽ നാം ക്രിസ്തുവിനെപ്പോലെ ആകണം. നമ്മുടെ ജീവിതം മറ്റുള്ളവരെ അതിശയിപ്പിക്കുന്നതാകണം. അങ്ങനെ എ പ്ലസ് വാങ്ങി നമുക്ക് സ്വർഗ്ഗം സ്വന്തമാക്കാം.

(ഗ്രീൻ ബ്രെയിൻ കൗൺസലിംഗ് സെന്ററിൽ സൈക്കോളജിസ്റ്റും മോട്ടിവേഷണൽ ട്രെയിനറുമാണു ലേഖിക.)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com